Draft #2 of File 81561/AD A2-3/2026/AD A 2 Approved by ASSISTANT REGISTRAR II (ADMIN) on 16-Oct-2026 10:28 AM - Page 1

മഹാത്മാഗാന്ധി സർവകലാശാല, കേരളം

സംഗ്രഹം

ഭരണവിഭാഗം - പരീക്ഷാ കൺട്രോളറുടെ പൂർണ്ണ അധിക ചുമതല പ്രൊഫ. (ഡോ.) കീർത്തി ടി.ആർ.-ന് നൽകിക്കൊണ്ട് മഹാത്മാഗാന്ധി സർവകലാശാലാ ആക്ട്, 1985, ചാപ്റ്റർ III, സെക്ഷൻ 10(17) പ്രകാരം വൈസ് ചാൻസലർ കൈക്കൊണ്ട നടപടിയും, തദനുസരണം പുറപ്പെടുവിച്ച ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്തത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഭരണ വിഭാഗം എ 2 സെക്ഷൻ

നമ്പർ. 9109/AD A 2/2026/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 16.10.2026

പരാമർശം:-1. 14.09.2026 തീയതിയിലെ സർവകലാശാല ഉത്തരവ് നം. 8230/AD A 2/2026/MGU.

2. 14.09.2026 തീയതിയിലെ സർവകലാശാല ഉത്തരവ് നം. 8237/AD A 2/2026/MGU.

3. 17.09.2026 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ മിനുട്സ് (ഇനം നം: 05/26.10/81561/AD A 2-3/2026/AD A 2).

ഉത്തരവ്

മഹാത്മാഗാന്ധി സർവകലാശാലാ പരീക്ഷാ കൺട്രോളർ ആയിരുന്ന ഡോ. ശ്രീജിത്ത് സി.എം.-നെ പരാമർശം (1) ഉത്തരവ് പ്രകാരം പരീക്ഷാ കൺട്രോളർ തസ്തികയിൽ നിന്നും 14.09.2026 A.N. മുതൽ വിടുതൽ ചെയ്ത സാഹചര്യത്തിൽ, പരീക്ഷാ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകുന്നതിനായി, സ്കൂൾ ഓഫ് ബയോസയൻസസിലെ പ്രൊഫ.(ഡോ.) കീർത്തി ടി.ആർ.-ന് 14.09.2026 A.N. മുതൽ പരീക്ഷാ കൺട്രോളറുടെ പൂർണ്ണ അധിക ചുമതല നൽകിക്കൊണ്ട് മഹാത്മാഗാന്ധി സർവകലാശാലാ ആക്ട്, 1985, ചാപ്റ്റർ III, സെക്ഷൻ 10(17) അധികാരമുപയോഗിച്ച് വൈസ് ചാൻസലർ ഉത്തരവാകുകയും, തദനുസരണം പരാമർശം (2) ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിരുന്നു.

വൈസ് ചാൻസലർ കൈക്കൊണ്ട മേൽനടപടിയും, പരാമർശം (2) ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്യുകയും 17.09.2026 തീയതിയിൽ ചേർന്ന സിൻഡിക്കേറ്റ് യോഗം പരാമർശം (3) പ്രകാരം ഈ വിഷയം പരിഗണിക്കുകയും, താഴെ പറയുന്ന തീരുമാനം കൈക്കൊള്ളുകയും ചെയ്തു:

"പരീക്ഷാ കൺട്രോളർ ആയിരുന്ന ഡോ. ശ്രീജിത് സി.എം.-ന്റെ അന്യത്രസേവന വ്യവസ്ഥ 11.09.2026 തീയതിയിലെ സ.ഉ.(സാധാ) നം.1162/2026/HEDN സർക്കാർ ഉത്തരവ് പ്രകാരം റദ്ദ് ചെയ്തതിനെത്തുടർന്ന്, 14.09.2026 തീയതിയിലെ സർവകലാശാല ഉത്തരവ് നം. 8230/AD A 2/2026/MGU പ്രകാരം അദ്ദേഹത്തെ പ്രസ്തുത തസ്തികയിൽ നിന്നും വിടുതൽ ചെയ്ത് ഉത്തരവായതിനാൽ, പരീക്ഷാ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ തടസ്സമില്ലാതെ മുന്നോട്ട് കൊണ്ടുപോകുന്നതിനായി, സ്കൂൾ ഓഫ് ബയോസയൻസസിലെ പ്രൊഫ.(ഡോ.) കീർത്തി ടി.ആർ.-ന് 14.09.2026 A.N. തീയതി മുതൽ, പരീക്ഷാ കൺട്രോളറുടെ പൂർണ്ണ അധിക ചുമതല നൽകിക്കൊണ്ട്

മഹാത്മാഗാന്ധി സർവകലാശാലാ ആക്ട്, 1985, ചാപ്റ്റർ III, സെക്ഷൻ 10(17) അധികാരമുപയോഗിച്ച് വൈസ് ചാൻസലർ ഉത്തരവായതും, തദനുസരണം പുറപ്പെടുവിച്ച 14.09.2026 തീയതിയിലെ നം:8237/AD A 2/2026/MGU സർവകലാശാലാ ഉത്തരവും സിൻഡിക്കേറ്റിലേക്ക് റിപ്പോർട്ട് ചെയ്തു."

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജയലക്ഷ്മി പി ആർ

അസിസ്റ്റന്റ് രജിസ്ട്രാർ 2 (ഭരണ വിഭാഗം)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. പ്രൊഫ.(ഡോ.) കീർത്തി ടി.ആർ.
2. വൈസ് ചാൻസലറുടെ പി. എസ്.
3. രജിസ്ട്രാർ / ഫിനാൻസ് ഓഫീസർ / പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എ
4. എ.സി.സി 1/ ആക്ഷൻ ടേക്കൺ റിപ്പോർട്ട്
5. എ .ഡി. എ 1, ഓഡിറ്റ്, ഫിനാൻസ്, IQAC
5. ജോയിന്റ് രജിസ്ട്രാർ K.S.A.D
6. വെബ്സൈറ്റ് / റെക്കോർഡ്സ്

Draft #2 of File 81561/AD A2-3/2026/AD A 2 Approved by ASSISTANT REGISTRAR II (ADMIN) on 16-Oct-2026 10:28 AM - Page 2

The document is digitally approved. Hence signature is not needed.